NMMS Examination 2026

Scholastic Aptitude Test (SAT) · പഠന അഭിരുചി പരീക്ഷ

Class – VIII | Booklet D · English + Malayalam | Total Questions : 90

There are **90** questions in all. For each question four alternative answers are given marked as (A), (B), (C), (D). From these, find the most appropriate answer. The letter denoting the answer is there in the answer sheet against the question number concerned. Darken the circle with **Blue/Black Ball Pen** only. **Record the answers thus in the OMR answer sheet only.** Do not write anything in the question booklet except your Roll Number on the cover page and rough work in the space provided for the purpose.

ആകെ **90** ചോദ്യങ്ങൾ ഉണ്ട്. ഓരോ ചോദ്യത്തിനും (A), (B), (C), (D) എന്ന് അടയാളപ്പെടുത്തിയ നാല് വ്യത്യസ്ത ഉത്തരം വീതം കൊടുത്തിട്ടുണ്ട്. അവയിൽ ശരിയായതോ ഏറ്റവും അനുയോജ്യമായതോ ആയ ഉത്തരം കണ്ടുപിടിക്കുക. ഈ ഉത്തരത്തെ കുറിക്കുന്ന അക്ഷരം ഉത്തരക്കടലാസിൽ അതാത് ചോദ്യത്തിനെതിരെ ഉണ്ട്. ഈ അക്ഷരം അടങ്ങിയ വൃത്തം **നീല** അല്ലെങ്കിൽ **കറുപ്പ്** മഷിയുള്ള ബാൾ പെൻ ഉപയോഗിച്ച് കറുപ്പിക്കുക. **ഉത്തരങ്ങൾ അപ്രകാരം OMR ഉത്തരക്കടലാസിൽ മാത്രം രേഖപ്പെടുത്തുക.** ചോദ്യങ്ങൾ അടങ്ങിയ ബുക്കിന്റെ കവർ പേജിൽ നിങ്ങളുടെ റോൾ നമ്പറും, റഫ് വർക്കിനു വേണ്ടി തന്നിട്ടുള്ള സ്ഥലത്ത് അതിനുള്ള കുറിപ്പുകൾ ഒഴികെ മറ്റൊന്നും എഴുതരുത്.

1. Who introduced the Permanent Land Revenue Settlement ?
(A) Lord Cornwallis (B) Thomas Munro
(C) Alexander Reed (D) Birsa Munda

1. 'ശാശ്വത ഭൂനികുതി വ്യവസ്ഥ' നടപ്പിലാക്കിയത് ആര് ?
(A) കോൺവാലിസ് പ്രഭു
(B) തോമസ് മൺറോ
(C) അലക്സാണ്ടർ റീഡ്
(D) ബിർസ മുണ്ട

2. Who gave leadership to the compilation of 'Hortus Malabaricus' ?
(A) Vasco da Gama
(B) Annie Besant
(C) Hendrik-Van Reed
(D) R.C. Dutt

2. 'ഹോർത്തൂസ് മലബാറിക്കൂസ്' എന്ന ഗ്രന്ഥത്തിന്റെ സമാഹരണത്തിന് നേതൃത്വം നൽകിയത് ആര് ?
(A) വാസ്കോ ഡ ഗാമ
(B) ആനിബസന്റ്
(C) ഹെൻട്രിക് വാൻറീഡ്
(D) ആർ.സി. ദത്ത്

3. Which is the capital of Akbar ?
(A) Dhaka (B) Murshidabad
(C) Surat (D) Fatehpur Sikri

3. അക്ബറിന്റെ തലസ്ഥാനമേത് ?
(A) ധാക്ക
(B) മുർഷിദാബാദ്
(C) സൂറത്ത്
(D) ഫത്തേപൂർ സിക്രി

4. 'Anubhava Mandapam' is related to :
(A) Alvars (B) Nayanars
(C) Virashaivas (D) Sufis

4. 'അനുഭവ മണ്ഡപ'വുമായി ബന്ധപ്പെട്ടിരിക്കുന്നത് :
(A) ആഴ്വാർമാർ (B) നായനാന്മാർ
(C) വീരശൈവർ (D) സൂഫികൾ

www.educationobserver.com

5. Find the chronological order of the following :
(a) The Minto-Morley reforms
(b) The Partition of Bengal
(c) The Surat Congress Conference
(d) Formation of Indian National Congress

(A) (c), (a), (b), (d) (B) (d), (b), (c), (a)
(C) (b), (d), (a), (c) (D) (a), (c), (b), (d)

5. ചുവടെ തന്നിരിക്കുന്നവയുടെ കാലഗണനാക്രമം കണ്ടെത്തുക.
(a) മിന്റോ-മോർലി പരിഷ്ക്കാരങ്ങൾ
(b) ബംഗാൾ വിഭജനം
(c) സൂറത്തിലെ കോൺഗ്രസ് സമ്മേളനം
(d) ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണം

(A) (c), (a), (b), (d) (B) (d), (b), (c), (a)
(C) (b), (d), (a), (c) (D) (a), (c), (b), (d)

6. Match the following table.

(a)	Kunwar Singh	(i)	Delhi
(b)	Nana Sahib	(ii)	Jhansi
(c)	Rani Lakshmibai	(iii)	Arrah
(d)	Bahadur Shah II	(iv)	Kanpur

(A) (a)-(iii), (b)-(i), (c)-(iv), (d)-(ii)
(B) (a)-(ii), (b)-(iii), (c)-(i), (d)-(iv)
(C) (a)-(iii), (b)-(iv), (c)-(ii), (d)-(i)
(D) (a)-(i), (b)-(iii), (c)-(iv), (d)-(ii)

6. തന്നിട്ടുള്ള പട്ടിക ക്രമപ്പെടുത്തുക.

(a)	കൻവർ സിംഗ്	(i)	ഡൽഹി
(b)	നാനാ സാഹിബ്	(ii)	ഝാൻസി
(c)	റാണി ലക്ഷ്മിഭായി	(iii)	ആറ
(d)	ബഹാദൂർ ഷാ രണ്ടാമൻ	(iv)	കാൺപൂർ

(A) (a)-(iii), (b)-(i), (c)-(iv), (d)-(ii)
(B) (a)-(ii), (b)-(iii), (c)-(i), (d)-(iv)
(C) (a)-(iii), (b)-(iv), (c)-(ii), (d)-(i)
(D) (a)-(i), (b)-(iii), (c)-(iv), (d)-(ii)

7. The 'Satyashodhak Samaj' was formed by :
(A) Pandita Ramabai
(B) Ayyankali
(C) Atmaram Pandurang
(D) Jyotirao Phule

7. 'സത്യശോധക് സമാജം' രൂപീകരിച്ചത് ആര് ?
(A) പണ്ഡിത രമാബായി
(B) അയ്യങ്കാളി
(C) ആത്മാറാം പാണ്ഡുരംഗ്
(D) ജ്യോതിറാവു ഫൂലെ

8. Who was known as the 'Grand old man of India' ?
(A) W.C. Banerjee
(B) Surendranath Banerjee
(C) Dadabhai Naoroji
(D) Ananda Mohan Bose

8. 'ഇന്ത്യയുടെ വന്ദ്യവയോധികൻ' എന്നറിയപ്പെടുന്നത് ആര് ?
(A) ഡബ്ല്യൂ.സി. ബാനർജി
(B) സുരേന്ദ്രനാഥ ബാനർജി
(C) ദാദാഭായ് നവറോജി
(D) ആനന്ദമോഹൻ ബോസ്

9. Krishna Deva Raya belongs to the dynasty of :
(A) Aravidu (B) Tuluva
(C) Sangama (D) Saluva

9. കൃഷ്ണദേവരായർ ഉൾപ്പെടുന്ന രാജവംശം :
(A) അരവിഡു (B) തുളുവ
(C) സംഗമ (D) സാലുവ

10. The 'Padmavat' was composed by :
(A) Malik Muhammad Jaisi
(B) Jayadeva
(C) Basavanna
(D) Qasi Muhammad

10. 'പദ്മാവത്' രചിച്ചത് ആര് ?
(A) മാലിക് മുഹമ്മദ് ജയ്സി
(B) ജയദേവൻ
(C) ബസവണ്ണ
(D) ഖ്വാസി മുഹമ്മദ്

11. The Guruvayur Satyagraha began in :
(A) 1931 (B) 1936
(C) 1924 (D) 1921

11. ഗുരുവായൂർ സത്യാഗ്രഹം ആരംഭിച്ച വർഷം.
(A) 1931 (B) 1936
(C) 1924 (D) 1921

www.educationobserver.com

12. The 'Kundra Proclamation' was related to :

(A) Paliath Achan
(B) Rama Nambi
(C) Thalakkal Chandu
(D) Velu Thampi Dalawa

12. കുണ്ടറ വിളംബരവുമായി ബന്ധപ്പെട്ടിരിക്കുന്നത് :

(A) പാലിയത്തച്ചൻ
(B) രാമ നമ്പി
(C) തലക്കൽ ചന്തു
(D) വേലുത്തമ്പി ദളവ

13. The layer of the earth just below the lithosphere where rocks remain molten :

(A) Crust (B) Mantle
(C) Core (D) Asthenosphere

13. ശിലാമണ്ഡലത്തിനു താഴെയായി ശിലകൾ ഉരുകിയ അവസ്ഥയിലുള്ള പാളി :

(A) ഭൂവൽക്കം
(B) മാന്റിൽ
(C) കാമ്പ്
(D) അസ്തനോസ്ഫിയർ

14. One of the major effects of earth's rotation :

(A) Seasons (B) Coriolis force
(C) Equinoxes (D) Solstices

14. ഭൂമിയുടെ ഭ്രമണത്തിന്റെ ഒരു പ്രധാന ഫലം :

(A) ഋതുക്കൾ
(B) കോറിയോലിസ്ബലം
(C) വിഷുവങ്ങൾ
(D) അയനാന്തദിനങ്ങൾ

15. Identify the European climate characterised with hot dry summer and humid rainy winter.

(A) Equatorial climate
(B) Mediterranean
(C) Monsoon
(D) Taiga

15. ചൂടുള്ള വരണ്ട ഉഷ്ണകാലവും മഴയുള്ള ആർദ്ര ശൈത്യകാലവും ഏതു യൂറോപ്യൻ കാലാവസ്ഥയുടെ സവിശേഷതയാണ് ?

(A) മധ്യരേഖാ കാലാവസ്ഥ
(B) മെഡിറ്ററേനിയൻ
(C) മൺസൂൺ
(D) ടൈഗ

16. The Representative Fraction 1 : 50000 means :

(A) 1 cm to 5 km (B) 1 cm to 0.5 km
(C) 1 cm to 50 km (D) 1 cm to 500 km

16. ഭിന്നക രീതിയിൽ 1 : 50000 എന്ന തോത് എന്താണ് അർത്ഥമാക്കുന്നത് ?

(A) 1 സെന്റീ മീറ്റർ 5 കിലോമീറ്ററിനെ സൂചിപ്പിക്കുന്നു
(B) 1 സെന്റീ മീറ്റർ 0.5 കിലോമീറ്ററിനെ സൂചിപ്പിക്കുന്നു
(C) 1 സെന്റീ മീറ്റർ 50 കിലോമീറ്ററിനെ സൂചിപ്പിക്കുന്നു
(D) 1 സെന്റീ മീറ്റർ 500 കിലോമീറ്ററിനെ സൂചിപ്പിക്കുന്നു

17. The core of the earth is mainly composed of :

(A) Silicon and Magnesium
(B) Silicon and Aluminium
(C) Nickel and Iron
(D) Nickel and Copper

17. ഭൂമിയുടെ അകക്കാമ്പിലെ പ്രധാന ഘടകങ്ങൾ :

(A) സിലിക്കണും മഗ്നീഷ്യവും
(B) സിലിക്കണും അലുമിനിയവും
(C) നിക്കലും ഇരുമ്പും
(D) നിക്കലും ചെമ്പും

18. Sand dunes, rocky surfaces and mountains are commonly represented in maps with :

(A) Brown (B) Black
(C) Grey (D) Red

18. ഭൂപടങ്ങളിൽ മണൽക്കൂനകളും പാറകളും പർവ്വതങ്ങളും ചിത്രീകരിക്കാൻ പൊതുവെ ഉപയോഗിക്കുന്ന നിറം :

(A) തവിട്ട് (B) കറുപ്പ്
(C) ചാരനിറം (D) ചുവപ്പ്

www.educationobserver.com

19. Proportionate time difference for 1 degree of longitude :

(A) 15 minutes (B) 1 minute
(C) 4 minutes (D) 60 minutes

20. Normal Lapse Rate of temperature with altitude in the troposphere :

(A) 1 degree celsius per 10 metre
(B) 1 degree celsius per 165 metre
(C) 165 degree celsius per metre
(D) 10 degree celsius per metre

21. Choose the **correct** matches by analysing the table.

	Cities		Rivers
(a)	Rome	(i)	Thames
(b)	London	(ii)	Seine
(c)	Paris	(iii)	Tiber

(A) (a)-(iii), (b)-(i), (c)-(ii)
(B) (a)-(i), (b)-(ii), (c)-(iii)
(C) (a)-(iii), (b)-(ii), (c)-(i)
(D) (a)-(ii), (b)-(iii), (c)-(i)

22. Perihelion is on :

(A) 3 January (B) 21 March
(C) 4 July (D) 21 June

23. The 'Basic Structure Doctrine', which limits Parliament's power to amend Fundamental Rights, was first articulated in :

(A) Golak Nath Case, 1967
(B) Kesavananda Bharati Case, 1973
(C) Minerva Mill Case, 1980
(D) Waman Rao Case, 1981

24. The concept of Universal Adult Franchise was introduced in India through :

(A) The Government of India Act - 1919
(B) The Government of India Act - 1935
(C) The Constitution of India - 1950
(D) The Representation of the People Act - 1951

19. 1 ഡിഗ്രി രേഖാംശവ്യാപ്തിക്ക് ആനുപാതികമായ സമയം :

(A) 15 മിനിറ്റ് (B) 1 മിനിറ്റ്
(C) 4 മിനിറ്റ് (D) 60 മിനിറ്റ്

20. ട്രോപോസ്ഫിയറിൽ ഉയരത്തിനനുസരിച്ചുള്ള താപനഷ്ട നിരക്ക് :

(A) 10 മീറ്ററിന് 1 ഡിഗ്രി സെൽഷ്യസ്
(B) 165 മീറ്ററിന് 1 ഡിഗ്രി സെൽഷ്യസ്
(C) 1 മീറ്ററിന് 165 ഡിഗ്രി സെൽഷ്യസ്
(D) 1 മീറ്ററിന് 10 ഡിഗ്രി സെൽഷ്യസ്

21. പട്ടിക വിശകലനം ചെയ്ത് **ശരിയായ** ക്രമം തിരിച്ചറിയുക.

	നഗരം		നദി
(a)	റോം	(i)	തെയിംസ്
(b)	ലണ്ടൻ	(ii)	സീൻ
(c)	പാരീസ്	(iii)	ടൈബർ

(A) (a)-(iii), (b)-(i), (c)-(ii)
(B) (a)-(i), (b)-(ii), (c)-(iii)
(C) (a)-(iii), (b)-(ii), (c)-(i)
(D) (a)-(ii), (b)-(iii), (c)-(i)

22. സൂര്യസമീപകം അഥവാ പെരീലിയൻ ഏതു ദിനമാണ് ?

(A) ജനുവരി 3 (B) മാർച്ച് 21
(C) ജൂലൈ 4 (D) ജൂൺ 21

23. മൗലികവകാശങ്ങൾ ഭേദഗതി ചെയ്യാനുള്ള പാർലമെന്റിന്റെ അധികാരത്തെ പരിമിതപ്പെടുത്തുന്ന 'അടിസ്ഥാന ഘടന സിദ്ധാന്തം' ആദ്യമായി ആവിഷ്കരിച്ചത് :

(A) ഗോലക്നാഥ് കേസ്, 1967
(B) കേശവാനന്ദ ഭാരതി കേസ്, 1973
(C) മിനർവ മിൽ കേസ്, 1980
(D) വാമൻ റാവു കേസ്, 1981

24. സാർവത്രിക പ്രായപൂർത്തി വോട്ടാവകാശം എന്ന ആശയം ഇന്ത്യയിൽ അവതരിപ്പിച്ചത് :

(A) ഇന്ത്യാഗവൺമെന്റ് ആക്ട് - 1919
(B) ഇന്ത്യാഗവൺമെന്റ് ആക്ട് - 1935
(C) ഇന്ത്യൻ ഭരണഘടന - 1950
(D) ജനപ്രാതിനിധ്യ നിയമം - 1951

www.educationobserver.com

For complete preparation materials visit www.educationobserver.com

25. Which of the following is NOT a Fundamental Duty ?
(A) To abide by the Constitution and respect its ideals
(B) To protect the sovereignty, unity and integration of India
(C) To promote harmony and the spirit of common brotherhood
(D) To form association or unions

25. ചുവടെ ചേർക്കുന്നവയിൽ മൗലികചുമതലകൾ **അല്ലാത്തവ** ഏത് ?
(A) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആശയങ്ങളെ ബഹുമാനിക്കുകയും ചെയ്യുക
(B) ഇന്ത്യയുടെ പരമാധികാരം, ഐക്യം, അഖണ്ഡത എന്നിവ സംരക്ഷിക്കുക
(C) ഐക്യവും പൊതുസാഹോദര്യത്തിന്റെ ആത്മാവും പ്രോത്സാഹിപ്പിക്കുക
(D) അസോസിയേഷനുകളോ യൂണിയനുകളോ രൂപീകരിക്കുവാൻ

26. The eleventh schedule of the Indian Constitution deals with :
(A) Power of Panchayat
(B) Power of Municipalities
(C) Functions of District Planning Committee
(D) Composition of Metropolitan Planning Committee

26. ഇന്ത്യൻ ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പരാമർശിക്കുന്നത് :
(A) പഞ്ചായത്തിന്റെ അധികാരങ്ങൾ
(B) മുനിസിപ്പാലിറ്റിയുടെ അധികാരങ്ങൾ
(C) ജില്ല ആസൂത്രണ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ
(D) മെട്രോപോളിറ്റൻ ആസൂത്രണ സമിതിയുടെ ഘടന

27. The Supreme Court of India is a Court of :
(A) Original and appellate jurisdiction
(B) Original jurisdiction only
(C) Appellate jurisdiction only
(D) Advisory jurisdiction only

27. ഇന്ത്യയുടെ സുപ്രീംകോടതി ഏത് തരം കോടതിയാണ് ?
(A) ഉദ്ഭവാധികാരപരിധിയും അപ്പീൽ അധികാര പരിധിയും
(B) ഉദ്ഭവാധികാര പരിധി മാത്രം
(C) അപ്പീൽ അധികാര പരിധി മാത്രം
(D) ഉപദേശവാധികാര പരിധി മാത്രം

28. Incorporated into the Constitution in 1976, considering the recommendations of the Swaran Singh Committee appointed by the Central Government :
(A) Directive Principles
(B) Fundamental Rights
(C) Writ
(D) Fundamental Duties

28. 1976 ൽ കേന്ദ്രസർക്കാർ നിയോഗിച്ച സ്വരൺസിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് ഭരണഘടനയിൽ ഉൾച്ചേർത്തത് ?
(A) നിർദ്ദേശകതത്വങ്ങൾ
(B) മൗലികാവകാശങ്ങൾ
(C) റിട്ടുകൾ
(D) മൗലിക കർത്തവ്യങ്ങൾ

29. Which of the following is an example of direct democracy ?
(A) Election of representatives to the Parliament
(B) Referendum
(C) Presidential System
(D) Parliamentary System

29. താഴെപ്പറയുന്നവയിൽ പ്രത്യക്ഷ ജനാധിപത്യത്തിന് ഉദാഹരണം ഏത് ?
(A) പാർലമെന്റിലേക്ക് പ്രതിനിധികളെ തിരഞ്ഞെടുക്കുന്നത്
(B) ജനഹിത പരിശോധന
(C) പ്രസിഡൻഷ്യൽ സമ്പ്രദായം
(D) പാർലമെന്ററി സമ്പ്രദായം

www.educationobserver.com

30. What is the purpose of the Writ of Quo Warranto ?

(A) To quash a decision
(B) To enforce a Fundamental Right
(C) To prevent a public official from acting unlawfully
(D) To inquire into the legality of a person's claim to a public office

30. ക്വോവാറന്റോ റിട്ടിന്റെ ലക്ഷ്യം എന്താണ് ?

(A) ഒരു തീരുമാനം റദ്ദാക്കൽ
(B) ഒരു മൗലികാവകാശം നടപ്പിലാക്കൽ
(C) ഒരു ഉദ്യോഗസ്ഥൻ നിയമ വിരുദ്ധമായി പ്രവർത്തിക്കുന്നത് തടയൽ
(D) പൊതു ഓഫീസിലേക്കുള്ള ഒരു വ്യക്തിയുടെ അവകാശവാദത്തിന്റെ നിയമ സാധുത അന്വേഷിക്കൽ

31. The Concept of 'Welfare State' is embodied in which part of the Indian Constitution ?

(A) Preamble
(B) Fundamental Rights
(C) Directive Principles of State Policy
(D) Union Executive

31. ഇന്ത്യൻ ഭരണഘടനയുടെ ഏത് ഭാഗത്താണ് 'ക്ഷേമരാഷ്ട്രം' എന്ന ആശയം ഉൾക്കൊണ്ടിരിക്കുന്നത് ?

(A) ആമുഖം
(B) മൗലികാവകാശങ്ങൾ
(C) നിർദ്ദേശകതത്വങ്ങൾ
(D) കേന്ദ്ര കാര്യ നിർവഹണവിഭാഗം

32. Which articles of the Indian Constitution, drafted by Dr.B.R. Ambedkar, abolishes untouchability and forbids its practice ?

(A) Article 14 (B) Article 17
(C) Article 21 (D) Article 25

32. ഡോ.ബി.ആർ. അംബേദ്കർ തയ്യാറാക്കിയ ഇന്ത്യൻ ഭരണഘടനയിൽ ഏത് അനുച്ഛേദത്തിലാണ് തൊട്ടുകൂടായ്മ നിർത്തലാക്കുകയും ഈ അനാചാരം തടയുകയും ചെയ്യുന്നത് ?

(A) അനുച്ഛേദം 14
(B) അനുച്ഛേദം 17
(C) അനുച്ഛേദം 21
(D) അനുച്ഛേദം 25

33. Freedom of speech and expression is enshrined in which article of the Indian Constitution ?

(A) Article 14 (B) Article 16
(C) Article 19 (D) Article 21

33. അഭിപ്രായ പ്രകടനത്തിനും ആവിഷ്ക്കാരത്തിനുമുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടനയുടെ ഏത് അനുച്ഛേദത്തിലാണ് ?

(A) അനുച്ഛേദം 14
(B) അനുച്ഛേദം 16
(C) അനുച്ഛേദം 19
(D) അനുച്ഛേദം 21

34. The Panchayati Raj System is based on the recommendation of which Committee ?

(A) Balwant Rai Mehta Committee
(B) Ashok Mehta Committee
(C) G.V.K. Rao Committee
(D) L.M. Singhvi Committee

34. ഏത് കമ്മിറ്റിയുടെ ശിപാർശ പ്രകാരമാണ് പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്നത് ?

(A) ബൽവന്ത്റായ് മേത്ത കമ്മിറ്റി
(B) അശോക് മേത്ത കമ്മിറ്റി
(C) ജി.വി.കെ. റാവു കമ്മിറ്റി
(D) എൽ.എം. സിംഗ്വി കമ്മിറ്റി

www.educationobserver.com

35. The Indian democracy is characterised by which of the following features ?

(A) Unitary system and Parliamentary Government

(B) Federal system and Presidential Government

(C) Federal system and Parliamentary Government

(D) Unitary system and Presidential Government

35. താഴെപ്പറയുന്നവയിൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ സവിശേഷത ഏത് ?

(A) ഏകീകൃത സംവിധാനവും പാർലമെന്ററി സർക്കാരും

(B) ഫെഡറൽ സംവിധാനവും പ്രസിഡൻഷ്യൽ സർക്കാരും

(C) ഫെഡറൽ സംവിധാനവും പാർലമെന്ററി സർക്കാരും

(D) ഏകീകൃത സംവിധാനവും പ്രസിഡൻഷ്യൽ സർക്കാരും

36. Atmospheric pressure at sea level is equal to :

(A) pressure exerted by a column of water of height 76 cm

(B) pressure exerted by a column of mercury of height 0.76 m

(C) pressure exerted by a column of mercury of height 76 m

(D) pressure exerted by a column of water of height 76 m

36. സമുദ്രനിരപ്പിലെ അന്തരീക്ഷമർദ്ദം താഴെ പറയുന്നവയിൽ ഏതിന് തുല്യമാണ് ?


(A) 76 സെ.മീ. ഉയരമുള്ള ഒരു ജലയൂപം പ്രയോഗിക്കുന്ന മർദ്ദം

(B) 0.76 മീറ്റർ ഉയരമുള്ള ഒരു മെർക്കുറി യൂപം പ്രയോഗിക്കുന്ന മർദ്ദം

(C) 76 മീറ്റർ ഉയരമുള്ള ഒരു മെർക്കുറി യൂപം പ്രയോഗിക്കുന്ന മർദ്ദം

(D) 76 മീറ്റർ ഉയരമുള്ള ഒരു ജലയൂപം പ്രയോഗിക്കുന്ന മർദ്ദം

37. A block of mass M slides down the inclined plane 1 and then moves up through the inclined plane 2. The direction of friction acting on the block is :



(A) from A to B on 1 and from B to C on 2

(B) from B to A on 1 and from B to C on 2

(C) from A to B on 1 and from C to B on 2

(D) from B to A on 1 and from C to B on 2

37. മാസ് M ഉള്ള ഒരു ബ്ലോക്ക് ചരിവ് തലം 1 ലൂടെ താഴേക്ക് നിരങ്ങി നീങ്ങുകയും തുടർന്ന് ചരിവ് തലം 2 ലൂടെ മുകളിലേക്ക് നീങ്ങുകയും ചെയ്യുന്നു. ബ്ലോക്കിൽ പ്രവർത്തിക്കുന്ന ഘർഷണത്തിന്റെ ദിശ.

(A) 1-ൽ A യിൽ നിന്നും B യിലേക്കും 2-ൽ B യിൽ നിന്നും C യിലേക്കും

(B) 1-ൽ B യിൽ നിന്നും A യിലേക്കും 2-ൽ B യിൽ നിന്നും C യിലേക്കും

(C) 1-ൽ A യിൽ നിന്നും B യിലേക്കും 2-ൽ C യിൽ നിന്നും B യിലേക്കും

(D) 1-ൽ B യിൽ നിന്നും A യിലേക്കും 2-ൽ C യിൽ നിന്നും B യിലേക്കും

www.educationobserver.com

38. Choose the **correctly** matched pair of fundamental quantity and its SI unit.

(A) luminous intensity : mole
(B) amount of substance : candela
(C) temperature : degree celsius
(D) electric current : ampere

39. Read the passages carefully and choose the correct answer.

Passage A : If a closed can filled with steam is cooled, it explodes.
Passage B : While taking a drink using a straw, the outside air pushes the drink into the mouth through the straw.
Passage C : The atmospheric pressure at a place increases with increase in altitude.

(A) All the passages are incorrect
(B) Passage A is correct and B is incorrect
(C) Passage B is correct and C is incorrect
(D) All the passages are correct

40. A woman wearing sharp heeled shoes and a man wearing broad soled slippers are standing on soft, wet soil. Suppose both of them have the same weight. After a few seconds, the woman's heels sink deep into the soil, but the man's slippers do not. Which of the following explains this situation **correctly** ?

(A) women's feet exert less force than the man's.
(B) the woman exerts more pressure because her heels have larger contact area.
(C) man exerts more pressure because his slippers spread out his weight.
(D) man exerts less pressure because his slippers spread out his weight.

38. **ശരിയായി** ചേരുംപടി ചേർത്തിരിക്കുന്ന അടിസ്ഥാന അളവും അതിന്റെ SI യൂണിറ്റും തെരഞ്ഞെടുക്കുക.

(A) പ്രകാശ തീവ്രത : മോൾ
(B) പദാർത്ഥത്തിന്റെ അളവ് : കാൻഡെല
(C) താപനില : ഡിഗ്രി സെൽഷ്യസ്
(D) വൈദ്യുത പ്രവാഹ തീവ്രത : ആമ്പിയർ

39. താഴെത്തന്നിരിക്കുന്ന ഭാഗങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ച് **ശരിയായ** ഉത്തരം തിരഞ്ഞെടുക്കുക.

ഭാഗം A : നീരാവി നിറച്ച ഒരു അടച്ച പാത്രം തണുപ്പിച്ചാൽ, അത് പൊട്ടിത്തെറിക്കും.
ഭാഗം B : ഒരു സ്ട്രോ ഉപയോഗിച്ച് പാനീയം കുടിക്കുമ്പോൾ, പുറമെയുള്ള വായു സ്ട്രോ വഴി പാനീയത്തെ വായിലേക്ക് തള്ളുന്നു.
ഭാഗം C : ഉയരം കൂടുന്നതിനനുസരിച്ച് ഒരു സ്ഥലത്തെ അന്തരീക്ഷമർദ്ദം വർദ്ധിക്കുന്നു.

(A) എല്ലാ ഭാഗങ്ങളും തെറ്റാണ്
(B) ഭാഗം A ശരിയാണ്, B തെറ്റാണ്
(C) ഭാഗം B ശരിയാണ്, C തെറ്റാണ്
(D) എല്ലാ ഭാഗങ്ങളും ശരിയാണ്


40. മുനയുള്ള ഹൈഹീൽ ഷൂ ധരിച്ച ഒരു സ്ത്രീയും വീതിയേറിയ സോളുള്ള സ്ലിപ്പറുകൾ ധരിച്ച ഒരു പുരുഷനും, മൃദുവായതും നനഞ്ഞതുമായ മണ്ണിൽ നിൽക്കുന്നു. രണ്ട് പേർക്കും ഒരേ ഭാരമാണെന്ന് കരുതുക. കുറച്ച് നിമിഷങ്ങൾക്ക് ശേഷം, സ്ത്രീയുടെ ഹീൽ മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്നു, പക്ഷേ പുരുഷന്റെ ചെരിപ്പുകൾ അങ്ങനെയല്ല.
ഇനിപ്പറയുന്നവയിൽ ഏതാണ് ഈ സാഹചര്യം **ശരിയായി** വിശദീകരിക്കുന്നത് ?

(A) സ്ത്രീയുടെ പാദങ്ങൾ പുരുഷന്റേതിനേക്കാൾ കുറഞ്ഞ ബലം പ്രയോഗിക്കുന്നു.
(B) കൂടുതൽ സമ്പർക്ക പരപ്പളവ് ഉള്ളതിനാൽ സ്ത്രീ കൂടുതൽ മർദ്ദം പ്രയോഗിക്കുന്നു.
(C) പുരുഷന്റെ ഭാരം സ്ലിപ്പറുകളിൽ വിതരണം ചെയ്യപ്പെടുന്നതിനാൽ കൂടുതൽ മർദ്ദം പ്രയോഗിക്കപ്പെടുന്നു.
(D) പുരുഷന്റെ ഭാരം സ്ലിപ്പറുകളിൽ വിതരണം ചെയ്യപ്പെടുന്നതിനാൽ കുറഞ്ഞ മർദ്ദം പ്രയോഗിക്കപ്പെടുന്നു.

www.educationobserver.com

41. A ray of light strikes a plane mirror at 35° as shown in the figure. After reflection, it hits a second plane mirror placed perpendicular to the first one. The value of the angle of incidence in the second mirror is :

41. ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ ഒരു പ്രകാശരശ്മി 35° കോണളവിൽ ഒരു സമതല ദർപ്പണത്തിൽ പതിക്കുന്നു. പ്രതിപതനത്തിനു ശേഷം, പ്രകാശ രശ്മി ആദ്യ ദർപ്പണത്തിന് ലംബമായ രണ്ടാമത്തെ സമതല ദർപ്പണത്തിൽ പതിക്കുന്നു. രണ്ടാം ദർപ്പണത്തിലെ പതനകോണളവ് എത്രയാണ് ?



(A) 35° (B) 70°
(C) 55° (D) 145°

(A) 35° (B) 70°
(C) 55° (D) 145°

42. If a car travels with a speed of 30 km/h for 15 minutes and then at a speed of 40 km/h for 30 minutes, then what is the total distance traveled ?

(A) 1650 km (B) 275 km
(C) 27.5 km (D) 70 km

42. ഒരു കാർ 30 km/h വേഗതയിൽ 15 മിനിറ്റും 40 km/h വേഗതയിൽ 30 മിനിറ്റും സഞ്ചരിച്ചാൽ, ആകെ സഞ്ചരിച്ച ദൂരം എത്രയായിരിക്കും ?

(A) 1650 km (B) 275 km
(C) 27.5 km (D) 70 km

43. What is streamlining ?

(A) reducing the speed of objects so that air pressure becomes equal in all sides.
(B) method of adding rough surfaces to the moving object so that it can grip the air better.
(C) method of balancing the weight of a vehicle.
(D) designing the shape of objects so that it offers minimum friction to fluid flow.

43. ധാരാരേഖിതമാക്കൽ എന്നാലെന്ത് ?

(A) വസ്തുക്കളുടെ വേഗം കുറയ്ക്കുന്നതിലൂടെ വായു മർദ്ദം എല്ലാ വശങ്ങളിലും തുല്യമാക്കുന്ന രീതി
(B) ചലിക്കുന്ന വസ്തുവിന് വായുവിനെ നന്നായി ചേർത്ത് നിർത്താൻ കഴിയുന്ന തരത്തിൽ പരുക്കൻ പ്രതലങ്ങൾ ചേർക്കുന്ന രീതി
(C) വാഹനത്തിന്റെ ഭാരം സന്തുലിതമാക്കുന്നതിനുള്ള രീതി
(D) ദ്രാവക പ്രവാഹത്തിന് ഏറ്റവും കുറഞ്ഞ ഘർഷണം നൽകുന്ന തരത്തിൽ വസ്തുക്കളുടെ ആകൃതി രൂപകൽപ്പന ചെയ്യുന്ന രീതി

www.educationobserver.com

44. Choose the **correct** statement.

(A) Mode of heat transfer without the help of a medium is called convection

(B) Liquids expand on cooling and contracts on heating

(C) Normal temperature of human body is 37°F

(D) In liquids heat is transferred by the movement of molecules from one part to another

44. **ശരിയായ** പ്രസ്താവന തിരഞ്ഞെടുക്കുക.

(A) ഒരു മാധ്യമത്തിന്റെ സഹായമില്ലാതെ നടക്കുന്ന താപപ്രേഷണ രീതിയാണ് സംവഹനം.

(B) ദ്രാവകങ്ങൾ തണുപ്പിക്കുമ്പോൾ വികസിക്കുകയും ചൂടാക്കുമ്പോൾ സങ്കോചിക്കുകയും ചെയ്യുന്നു.

(C) മനുഷ്യ ശരീരത്തിന്റെ സാധാരണ താപനില 37°F ആണ്.

(D) ദ്രാവകങ്ങളിൽ തന്മാത്രകൾ ഒരു ഭാഗത്തുനിന്ന് മറ്റൊരിടത്തേക്ക് നീങ്ങുന്നതിലൂടെയാണ് താപപ്രേഷണം നടക്കുന്നത്.

45. An athlete completes 100 m race in 20 s. His speed is :

(A) 5 km/h (B) 18 m/s

(C) 18 km/h (D) 36 km/h

45. ഒരു അത്ലറ്റ് 100 m ഓട്ടം 20 സെക്കന്റിൽ പൂർണ്ണമാക്കുന്നുവെന്ന് കരുതുക. അദ്ദേഹത്തിന്റെ വേഗം ?

(A) 5 km/h (B) 18 m/s

(C) 18 km/h (D) 36 km/h

46. Arrange filament lamp, CFL and LED in the increasing order of efficiency.

(A) CFL < filament lamp < LED

(B) LED < filament lamp < CFL

(C) filament lamp < CFL < LED

(D) filament lamp < LED < CFL

46. ഫിലമെന്റ് ലാമ്പ്, CFL, LED എന്നിവ ഊർജ ലാഭത്തിന്റെ ആരോഹണക്രമത്തിൽ ക്രമീകരിക്കുക.

(A) CFL < ഫിലമെന്റ് ലാമ്പ് < LED

(B) LED < ഫിലമെന്റ് ലാമ്പ് < CFL

(C) ഫിലമെന്റ് ലാമ്പ് < CFL < LED

(D) ഫിലമെന്റ് ലാമ്പ് < LED < CFL

47. Glasses get a variety of colours when different chemicals are added during the manufacturing process. The compound gives blue colour to glass is :

(A) Cadmium sulphide

(B) Gold chloride

(C) Chromium oxide

(D) Cobalt oxide

47. ഗ്ലാസ്സുകളുടെ നിർമ്മാണ പ്രക്രിയയിൽ വ്യത്യസ്ത രാസവസ്തുക്കൾ ചേർക്കുമ്പോൾ അവയ്ക്ക് വ്യത്യസ്ത നിറങ്ങൾ ലഭിക്കുന്നു. ഗ്ലാസിനു നീല നിറം നൽകുന്ന സംയുക്തമാണ് :

(A) കാഡ്മിയം സൽഫൈഡ്

(B) ഗോൾഡ് ക്ലോറൈഡ്

(C) ക്രോമിയം ഓക്സൈഡ്

(D) കോബാൾട്ട് ഓക്സൈഡ്

48. Choose the **correct** statement :

(A) synthetic fibres are generally heavier than natural fibres.

(B) natural fibres dry quickly than synthetic fibres.

(C) natural fibres have good breathability over synthetic fibres.

(D) synthetic fibres are less durable than natural fibres.

48. **ശരിയായ** പ്രസ്താവന തിരഞ്ഞെടുക്കുക :

(A) കൃത്രിമ നാരുകൾ സാധാരണയായി പ്രകൃതിദത്ത നാരുകളേക്കാൾ ഭാരമുള്ളവയാണ്.

(B) കൃത്രിമ നാരുകളേക്കാൾ വേഗത്തിൽ പ്രകൃതിദത്ത നാരുകൾ ഉണങ്ങുന്നു.

(C) കൃത്രിമ നാരുകളേക്കാൾ പ്രകൃതിദത്ത നാരുകൾക്ക് വായുസഞ്ചാരം കൂടുതലാണ്.

(D) കൃത്രിമ നാരുകൾക്ക് പ്രകൃതിദത്ത നാരുകളേക്കാൾ ഈട് കുറവാണ്.

www.educationobserver.com

49. Identify the acid and alkali that must be reacted to obtain the salt; sodium sulphate :

(A) HCl & NaOH (B) H_2SO_4 & KOH
(C) HCl & KOH (D) H_2SO_4 & NaOH

50. Which method of purification can be adopted to separate freshwater from seawater ?

(A) Sifting (B) Sedimentation
(C) Chlorination (D) Distillation

51. A sample of well water after boiling lathers well with soap. The hardness of well water is due to the presence of :

(A) sulphates of magnesium
(B) chlorides of calcium
(C) bicarbonates of calcium
(D) chlorides of magnesium

52. Which is the second most abundant gas in the atmosphere ?

(A) nitrogen (B) hydrogen
(C) oxygen (D) carbon dioxide

53. The pH of a solution obtained by mixing nitrogen dioxide in water will be :

(A) less than 7
(B) equal to 7
(C) greater than 7
(D) can not be predicted

54. Which of the following gas is produced when potassium carbonate reacts with sulphuric acid ?

(A) sulphur dioxide (B) hydrogen
(C) carbon dioxide (D) oxygen

49. സോഡിയം സൾഫേറ്റ് ലവണം ലഭിക്കാൻ പ്രതിപ്രവർത്തിക്കേണ്ട ആസിഡും ആൽക്കലിയും തിരിച്ചറിയുക :

(A) HCl & NaOH (B) H_2SO_4 & KOH
(C) HCl & KOH (D) H_2SO_4 & NaOH

50. ശുദ്ധജലവും കടൽവെള്ളവും വേർതിരിക്കാൻ ഏത് ശുദ്ധീകരണ രീതിയാണ് സ്വീകരിക്കേണ്ടത് ?

(A) അരിച്ചെടുക്കൽ
(B) അവശിഷ്ടപ്പെടുത്തൽ
(C) ക്ലോറിനേഷൻ
(D) സ്വേദനം

51. കിണർവെള്ളം തിളപ്പിച്ചതിനുശേഷം സോപ്പ് ഉപയോഗിക്കുമ്പോൾ നന്നായി പതയുണ്ടാകുന്നു. ചുവടെ നൽകിയിരിക്കുന്നവയിൽ ഏതിന്റെ സാന്നിധ്യമാണ് കിണർവെള്ളത്തിന്റെ കാഠിന്യത്തിന് കാരണം :

(A) മഗ്നീഷ്യം സൾഫേറ്റ്
(B) കാൽസ്യം ക്ലോറൈഡ്
(C) കാൽസ്യം ബൈകാർബണേറ്റ്
(D) മഗ്നീഷ്യം ക്ലോറൈഡ്

52. അന്തരീക്ഷത്തിൽ ഏറ്റവും കൂടുതലുള്ള രണ്ടാമത്തെ വാതകം ഏതാണ് ?

(A) നൈട്രജൻ
(B) ഹൈഡ്രജൻ
(C) ഓക്സിജൻ
(D) കാർബൺ ഡൈ ഓക്സൈഡ്

53. നൈട്രജൻ ഡൈ ഓക്സൈഡ് ജലത്തിൽ ലയിപ്പിക്കുമ്പോൾ ലഭിക്കുന്ന ലായനിയുടെ pH :

(A) 7 -ൽ താഴെ
(B) 7 -ന് തുല്യം
(C) 7 -ൽ കൂടുതൽ
(D) പ്രവചിക്കാൻ കഴിയില്ല

54. ചുവടെ നൽകിയിരിക്കുന്നവയിൽ ഏത് വാതകമാണ്, പൊട്ടാസ്യം കാർബണേറ്റ് സൾഫ്യൂറിക് ആസിഡുമായി പ്രതിപ്രവർത്തിക്കുമ്പോൾ ഉൽപാദിപ്പിക്കപ്പെടുന്നത് ?

(A) സൾഫർ ഡൈ ഓക്സൈഡ്
(B) ഹൈഡ്രജൻ
(C) കാർബൺ ഡൈ ഓക്സൈഡ്
(D) ഓക്സിജൻ

www.educationobserver.com

55. Metal oxides are generally :
(A) acidic in nature
(B) basic in nature
(C) amphoteric in nature
(D) neutral substances

55. ലോഹ ഓക്സൈഡുകൾ സാധാരണയായി :
(A) അസിഡിക് സ്വഭാവമുള്ളവയാണ്
(B) ബേസിക് സ്വഭാവമുള്ളവയാണ്
(C) ആംഫോട്ടെറിക് സ്വഭാവമുള്ളവയാണ്
(D) നിഷ്പക്ഷ പദാർത്ഥങ്ങളാണ്

56. Bakelite is a polymer used in making the handle of pressure cookers. Bakelite is a _____ .
(A) thermoplastic
(B) thermosetting plastic
(C) rubber
(D) fibre

56. പ്രഷർ കുക്കറുകളുടെ ഹാൻഡിൽ നിർമ്മിക്കാൻ ഉപയോഗിക്കുന്ന ഒരു പോളിമറാണ് ബേക്കലൈറ്റ്. ബേക്കലൈറ്റ് _____ ആണ്.
(A) തെർമോപ്ലാസ്റ്റിക്
(B) തെർമോസെറ്റിംഗ് പ്ലാസ്റ്റിക്
(C) റബ്ബർ
(D) ഫൈബർ

57. The chemical formula of the acid formed by reacting Phosphorus pentoxide with water is :
(A) H_3PO_4 (B) H_2SO_4
(C) HNO_3 (D) $HClO_4$

57. ഫോസ്ഫറസ് പെന്റോക്സൈഡ് ജലവുമായി പ്രതിപ്രവർത്തിച്ചുണ്ടാകുന്ന ആസിഡിന്റെ രാസസൂത്രമാണ് :
(A) H_3PO_4 (B) H_2SO_4
(C) HNO_3 (D) $HClO_4$

58. Analyse the following statements :
Statement I : Vinegar is acidic in nature.
Statement II : Vinegar contains acetic acid that can increase the concentration of hydrogen ions in aqueous solution.
Choose the **correct** option from the following :
(A) Both **Statements I & II** are correct. **Statement I** is the correct explanation of **Statement II.**
(B) Both **Statements I & II** are correct. **Statement I** is not the correct explanation of **Statement II.**
(C) Both **Statements I & II** are incorrect.
(D) **Statement I** is correct but **Statement II** is incorrect.

58. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകൾ വിശകലനം ചെയ്യുക :
പ്രസ്താവന I : വിനാഗിരി ആസിഡിക് സ്വഭാവമുള്ളതാണ്.
പ്രസ്താവന II : ജലീയ ലായനിയിലെ ഹൈഡ്രജൻ അയോണുകളുടെ ഗാഢത വർദ്ധിപ്പിക്കാൻ കഴിയുന്ന അസറ്റിക് ആസിഡ് വിനാഗിരിയിൽ അടങ്ങിയിരിക്കുന്നു.
താഴെ പറയുന്നവയിൽ നിന്ന് **ശരിയായ** ഓപ്ഷൻ തിരഞ്ഞെടുക്കുക :
(A) I & II എന്നീ രണ്ട് പ്രസ്താവനകളും ശരിയാണ്. **പ്രസ്താവന I, പ്രസ്താവന II** ന്റെ ശരിയായ വിശദീകരണമാണ്.
(B) I & II എന്നീ രണ്ട് പ്രസ്താവനകളും ശരിയാണ്. **പ്രസ്താവന I, പ്രസ്താവന II** ന്റെ ശരിയായ വിശദീകരണമല്ല.
(C) I & II എന്നീ രണ്ട് പ്രസ്താവനകളും തെറ്റാണ്.
(D) **പ്രസ്താവന I** ശരിയാണ്, പക്ഷേ **പ്രസ്താവന II** തെറ്റാണ്.

59. Which of the following base is used for making soft soap ?
(A) Calcium hydroxide
(B) Potassium hydroxide
(C) Aluminium hydroxide
(D) Magnesium hydroxide

59. മൃദുവായ സോപ്പ് നിർമ്മിക്കാൻ നൽകിയിരിക്കുന്നവയിൽ ഏത് ബേസാണ് ഉപയോഗിക്കുന്നത് ?
(A) കാൽസ്യം ഹൈഡ്രോക്സൈഡ്
(B) പൊട്ടാസ്യം ഹൈഡ്രോക്സൈഡ്
(C) അലുമിനിയം ഹൈഡ്രോക്സൈഡ്
(D) മഗ്നീഷ്യം ഹൈഡ്രോക്സൈഡ്

www.educationobserver.com

60. Choose the wrong statement about the characteristics of primitive earth.
(A) High temperature
(B) Ocean formed by dissolving various substances
(C) Presence of free oxygen
(D) Presence of hydrogen, methane, carbon dioxide etc.

60. ആദിമഭൂമിയിലെ അവസ്ഥയുമായി ബന്ധപ്പെട്ട് തെറ്റായ പ്രസ്താവന ഏത് ?
(A) ഉന്നത താപനില
(B) വിവിധ പദാർഥങ്ങൾ ലയിച്ചുചേർന്ന സമുദ്രജലം
(C) സ്വതന്ത്രമായ ഓക്സിജന്റെ സാന്നിധ്യം
(D) ഹൈഡ്രജൻ, മീഥേൻ, കാർബൺ ഡൈഓക്സൈഡ് എന്നിവയുടെ സാന്നിധ്യം

61. Identify the group of macronutrients.
(A) Magnesium, Sulphur, Calcium
(B) Phosphorus, Boron, Manganese
(C) Calcium, Zinc, Copper
(D) Manganese, Calcium, Sulphur

61. മാക്രോന്യൂട്രിയന്റുകളുടെ കൂട്ടം തിരിച്ചറിയുക.
(A) മഗ്നീഷ്യം, സൾഫർ, കാൽസ്യം
(B) ഫോസ്ഫറസ്, ബോറോൺ, മാംഗനീസ്
(C) കാൽസ്യം, സിങ്ക്, കോപ്പർ
(D) മാംഗനീസ്, കാൽസ്യം, സൾഫർ

62. Certain characteristics of a kingdom are given below.
- Do not have chloroplast
- Saprophytic eukaryotes

Identify the kingdom.
(A) Monera (B) Animalia
(C) Fungi (D) Protista

62. ഒരു കിങ്ഡത്തിന്റെ സവിശേഷതകൾ ചുവടെ നൽകിയിരിക്കുന്നു.
- ഹരിതകണം ഇല്ല
- മൃതഭോജികളായ യൂകാരിയോട്ടുകൾ

കിങ്ഡം ഏതെന്ന് തിരിച്ചറിയുക.
(A) മൊണീറ
(B) അനിമേലിയ
(C) ഫംജൈ
(D) പ്രോട്ടിസ്റ്റ

63. Identify the statement which is not related to cell theory.
(A) Cell is the basic unit of life.
(B) All organisms are made up of one or more cells.
(C) All cells have nucleus.
(D) New cells originate from pre-existing cells.

63. കോശസിദ്ധാന്തവുമായി ബന്ധമില്ലാത്ത പ്രസ്താവന കണ്ടെത്തുക.
(A) ജീവന്റെ അടിസ്ഥാന യൂണിറ്റാണ് കോശം.
(B) എല്ലാ ജീവജാലങ്ങളും ഒന്നോ അതിലധികമോ കോശങ്ങൾ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്.
(C) എല്ലാ കോശങ്ങൾക്കും മർമ്മമുണ്ട്.
(D) മുമ്പ് നിലവിലുണ്ടായിരുന്ന കോശങ്ങളിൽ നിന്നാണ് പുതിയ കോശങ്ങൾ രൂപപ്പെടുന്നത്.

64. Choose the group that includes only smart farming.
(A) Aeroponics, Hydroponics, Internet of things
(B) Tissue culture, Hydroponics, Aeroponics
(C) Internet of things, Mulching, Tissue culture
(D) Mulching, Aeroponics, Tissue culture

64. സ്മാർട്ട് ഫാമിംഗ് മാത്രം ഉൾപ്പെട്ട കൂട്ടം തിരഞ്ഞെടുക്കുക.
(A) എയ്റോപോണിക്സ്, ഹൈഡ്രോപോണിക്സ്, ഇന്റർനെറ്റ് ഓഫ് തിങ്സ്.
(B) ടിഷ്യുകൾച്ചർ, ഹൈഡ്രോപോണിക്സ്, എയ്റോപോണിക്സ്.
(C) ഇന്റർനെറ്റ് ഓഫ് തിങ്സ്, പുതയിടൽ, ടിഷ്യുകൾച്ചർ.
(D) പുതയിടൽ, എയ്റോപോണിക്സ്, ടിഷ്യുകൾച്ചർ.

www.educationobserver.com

65. Analyse the statement and reason given below and choose the **correct** option.

Statement : Xylem is a complex tissue.
Reason : Xylem is composed of cells with same shape and size.

(A) **Statement** is wrong, **Reason** is correct
(B) **Statement** and **Reason** are wrong
(C) **Statement** and **Reason** are correct
(D) **Statement** is correct, **Reason** is wrong

65. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനയും കാരണവും വിശകലനം ചെയ്ത് **ശരിയായ** ഓപ്ഷൻ തിരഞ്ഞെടുക്കുക.

പ്രസ്താവന : സൈലം ഒരു സങ്കീർണ്ണകലയാണ്.
കാരണം : സൈലം ഒരേ ആകൃതിയും വലിപ്പവുമുള്ള കോശങ്ങളാൽ നിർമ്മിതമാണ്.

(A) **പ്രസ്താവന** തെറ്റ്, **കാരണം** ശരി
(B) **പ്രസ്താവനയും കാരണവും** തെറ്റ്
(C) **പ്രസ്താവനയും കാരണവും** ശരി
(D) **പ്രസ്താവന** ശരി, **കാരണം** തെറ്റ്

66. A student, while observing a slide under a microscope, couldn't adjust light onto the slide. Which part of the microscope is defective ?

(A) Mirror (B) Eye piece
(C) Knob (D) Objective lens

66. ഒരു വിദ്യാർഥി കോമ്പൗണ്ട് മൈക്രോസ്കോപ്പിലൂടെ സ്ലൈഡ് നിരീക്ഷിച്ചപ്പോൾ പ്രകാശത്തെ സ്ലൈഡിലേക്ക് ക്രമീകരിക്കാൻ കഴിഞ്ഞില്ല. മൈക്രോസ്കോപ്പിന്റെ ഏത് ഭാഗത്തിനുള്ള തകരാറാണിതിനു കാരണം ?

(A) മിറർ
(B) ഐപീസ്
(C) നോബ്
(D) ഒബ്ജക്ടീവ് ലെൻസ്

67. Which of the following is **correct** about binomial nomenclature ?

(A) The first part of the name is the species name.
(B) The scientific name should be printed in italics.
(C) The second part of the name is the genus name.
(D) When writing the scientific name in English, the species name should begin with a capital letter.

67. ദ്വിനാമപദ്ധതിയുമായി ബന്ധപ്പെട്ട് ശരിയായത് ഏത് ?

(A) പേരിന്റെ ആദ്യഭാഗം സ്പീഷിസ് നാമമാണ്.
(B) ശാസ്ത്രീയ നാമം അച്ചടിക്കുന്നത് ഇറ്റാലിക്സിൽ ആയിരിക്കണം.
(C) പേരിന്റെ രണ്ടാംഭാഗം ജീനസ് നാമമാണ്.
(D) ഇംഗ്ലീഷ് ഭാഷയിൽ ശാസ്ത്രീയ നാമം എഴുതുമ്പോൾ സ്പീഷീസ് നാമം വലിയ അക്ഷരത്തിൽ തുടങ്ങണം.

www.educationobserver.com

68. Match the following and choose the **correct** option.

(a)	Neural tissue	(i)	Helps in movement
(b)	Connective tissue	(ii)	Produces secretions like mucus
(c)	Muscle tissue	(iii)	Connects various parts together
(d)	Epithelial tissue	(iv)	Makes impulse transmission possible

(A) (a)-(iii), (b)-(ii), (c)-(iv), (d)-(i)
(B) (a)-(ii), (b)-(iii), (c)-(iv), (d)-(i)
(C) (a)-(iv), (b)-(iii), (c)-(i), (d)-(ii)
(D) (a)-(iii), (b)-(iv), (c)-(i), (d)-(ii)

68. ചുവടെ നൽകിയവയെ ചേരുംപടി ചേർത്ത് **ശരിയായ** ഓപ്ഷൻ തിരിച്ചറിയുക.

(a)	നാഡീകല	(i)	ശരീരചലനത്തെ സഹായിക്കുന്നു
(b)	സംയോജകകല	(ii)	ശ്ലേഷ്മം പോലുള്ള സ്രവങ്ങൾ ഉല്പാദിപ്പിക്കുന്നു
(c)	പേശീകല	(iii)	വിവിധ ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു
(d)	ആവരണകല	(iv)	സന്ദേശവിനിമയം സാധ്യമാക്കുന്നു

(A) (a)-(iii), (b)-(ii), (c)-(iv), (d)-(i)
(B) (a)-(ii), (b)-(iii), (c)-(iv), (d)-(i)
(C) (a)-(iv), (b)-(iii), (c)-(i), (d)-(ii)
(D) (a)-(iii), (b)-(iv), (c)-(i), (d)-(ii)

69. A method through which plantlets with the same characteristics as the mother plant cannot be produced is :

(A) Layering (B) Hybridisation
(C) Grafting (D) Tissue culture

69. മാതൃസസ്യത്തിന്റെ അതേ സ്വഭാവ സവിശേഷതകളുള്ള തൈച്ചെടികളെ ഉല്പാദിപ്പിക്കാൻ കഴിയാത്ത മാർഗ്ഗം :

(A) ലെയറിംഗ്
(B) വർഗ്ഗസങ്കരണം
(C) ഗ്രാഫ്റ്റിങ്
(D) ടിഷ്യുകൾച്ചർ

70. Which one of the following is the **correct** order of levels of classification ?

(A) Phylum, kingdom, class, order, genus, family, species
(B) Kingdom, class, phylum, order, family, species, genus
(C) Kingdom, order, phylum, family, class, genus, species
(D) Kingdom, phylum, class, order, family, genus, species

70. വർഗ്ഗീകരണതലങ്ങളുടെ **ശരിയായ** ക്രമം ഏത് ?

(A) ഫൈലം, കിങ്ഡം, ക്ലാസ്, ഓർഡർ, ജീനസ്, ഫാമിലി, സ്പീഷീസ്
(B) കിങ്ഡം, ക്ലാസ്, ഫൈലം, ഓർഡർ, ഫാമിലി, സ്പീഷീസ്, ജീനസ്
(C) കിങ്ഡം, ഓർഡർ, ഫൈലം, ഫാമിലി, ക്ലാസ്, ജീനസ്, സ്പീഷീസ്
(D) കിങ്ഡം, ഫൈലം, ക്ലാസ്, ഓർഡർ, ഫാമിലി, ജീനസ്, സ്പീഷീസ്

71. The sum of 5 consecutive numbers is 70. Which is the middle number ?

(A) 14 (B) 17
(C) 19 (D) 20

71. തുടർച്ചയായ 5 സംഖ്യകളുടെ തുക 70 എങ്കിൽ നടുവിലെ സംഖ്യയേത് ?

(A) 14 (B) 17
(C) 19 (D) 20

72. The sum of two numbers is 20. If their difference is 4, what is their product ?

(A) 64 (B) 72
(C) 84 (D) 96

72. രണ്ടു സംഖ്യകളുടെ തുക 20. അവയുടെ വ്യത്യാസം 4 എങ്കിൽ അവയുടെ ഗുണനഫലമെന്ത് ?

(A) 64 (B) 72
(C) 84 (D) 96

www.educationobserver.com

73. A student scored 40% marks in a test and failed by 6 marks. Another student scored 60% marks in the same test and had 6 marks more than the pass mark. What was the pass mark ?

(A) 30 (B) 35
(C) 40 (D) 45

73. ഒരു വിദ്യാർഥിക്ക് ഒരു പരീക്ഷയിൽ 40% മാർക്കു കിട്ടിയെങ്കിലും 6 മാർക്കിനു തോറ്റു. മറ്റൊരു വിദ്യാർഥിക്ക് അതേ പരീക്ഷയിൽ 60% മാർക്ക് കിട്ടി, ജയിക്കാൻ വേണ്ടതിലും 6 മാർക്ക് കൂടുതലാണത്, എങ്കിൽ ജയിക്കാൻ വേണ്ട മാർക്ക് എത്ര ?

(A) 30 (B) 35
(C) 40 (D) 45


74. The number of factors of $2^2 \times 3^3$ is :

(A) 12 (B) 10
(C) 8 (D) 6

74. $2^2 \times 3^3$ എന്ന സംഖ്യയ്ക്ക് എത്ര ഘടകങ്ങളുണ്ട് ?

(A) 12 (B) 10
(C) 8 (D) 6

75. There are seven small circles of equal radii bounded by a large circle. The circles touch as in the figure. How many times is the shaded area in relation to the area of one of the small circles ?



(A) one - third (B) half
(C) twice (D) thrice

75. ഒരേ ആരമുള്ള 7 ചെറിയ വൃത്തങ്ങൾ ഒരു വലിയ വൃത്തത്തിനുള്ളിലാണ്. ചിത്രത്തിൽ കൊടുത്തിരിക്കുന്നതുപോലെ അവ തൊട്ടിരിക്കുന്നു. ഷെയ്ഡ് ചെയ്ത ഭാഗത്തിന്റെ പരപ്പളവ് ഒരു ചെറിയ വൃത്തത്തിന്റെ പരപ്പളവിന്റെ എത്ര മടങ്ങാണ് ?

(A) മൂന്നിലൊന്ന്
(B) രണ്ടിലൊന്ന്
(C) ഇരട്ടി
(D) മൂന്നിരട്ടി

76. The average weight of 100 students in a class is 60 kg. The average weight of the boys in the class is 70 kg and that of the girls is 50 kg. Find the number of boys and girls in the class.

(A) 60, 40 (B) 40, 60
(C) 50, 50 (D) 70, 30

76. ഒരു ക്ലാസിലെ 100 വിദ്യാർഥികളുടെ ശരാശരി തൂക്കം 60 കിലോഗ്രാമാണ്. ആ ക്ലാസിലെ ആൺകുട്ടികളുടെ ശരാശരി തൂക്കം 70 കിലോഗ്രാമാണ്. പെൺകുട്ടികളുടെ ശരാശരി തൂക്കം 50 കിലോഗ്രാമാണ്, എങ്കിൽ ക്ലാസിൽ ആൺകുട്ടികളും പെൺകുട്ടികളും എത്ര ?

(A) 60, 40 (B) 40, 60
(C) 50, 50 (D) 70, 30

77. The length of a rectangle is 1 metre more than the breadth. If its area is 20 square metres, what is its perimeter ?

(A) 12 metres (B) 14 metres
(C) 16 metres (D) 18 metres

77. ഒരു ചതുരത്തിന്റെ നീളം അതിന്റെ വീതിയേക്കാൾ ഒരു മീറ്റർ കൂടുതലാണ്, അതിന്റെ പരപ്പളവ് 20 ചതുരശ്ര മീറ്ററാണെങ്കിൽ ചുറ്റളവെത്ര ?

(A) 12 മീറ്റർ (B) 14 മീറ്റർ
(C) 16 മീറ്റർ (D) 18 മീറ്റർ

www.educationobserver.com

78. The simplified form of the expression

$$\frac{0.072 \times 0.0033}{0.08 \times 0.11}$$

is :

(A) 0.027 (B) 0.27
(C) 2.7 (D) 27

79. The sum of a number and its reciprocal is 22. What is the sum of their squares ?

(A) 482 (B) 483
(C) 484 (D) 485

80. The ages of Bob and Rob are in the ratio 5 : 7. Four years hence their ages will be in the ratio 3 : 4. What is their present age ?

(A) 10, 14 (B) 15, 21
(C) 20, 28 (D) 30, 42

81. The sum of two powers of 2 is 640. What is their difference ?

(A) 484 (B) 384
(C) 284 (D) 184

82. A sells an article to B at a profit of 20%. B sells it to C at a profit of 10%. If C pays ₹ 561 for it, how much did it cost A ?

(A) ₹ 415 (B) ₹ 425
(C) ₹ 435 (D) ₹ 445

83. A can do a piece of work in 10 days. B can do it by himself in 15 days. A and B work together for 4 days and then A leaves. How long will B take to finish the remaining work ?

(A) 2 days (B) 3 days
(C) 4 days (D) 5 days

84. A number was increased by 10%. The increased number was then decreased by 10%. What is the net increase or decrease ?

(A) 1% decrease (B) 1% increase
(C) 10% decrease (D) 20% decrease

85. Which of the following numbers is a perfect square ?

(A) 1725 (B) 1825
(C) 1925 (D) 2025

78. താഴെ കൊടുത്തിരിക്കുന്നതിന്റെ ലഘൂകരിച്ച രൂപമെന്ത് ?

$$\frac{0.072 \times 0.0033}{0.08 \times 0.11}$$

(A) 0.027 (B) 0.27
(C) 2.7 (D) 27

79. ഒരു സംഖ്യയുടേയും അതിന്റെ വ്യുൽക്രമത്തിന്റെയും തുക 22. അവയുടെ വർഗ്ഗങ്ങളുടെ തുകയെന്ത് ?

(A) 482 (B) 483
(C) 484 (D) 485

80. ബോബിന്റെയും റോബിന്റെയും പ്രായം 5 : 7 എന്ന അംശബന്ധത്തിലാണ്, നാലു വർഷങ്ങൾക്കു ശേഷം അവരുടെ പ്രായം 3 : 4 എന്ന അംശബന്ധത്തിലാവും, എങ്കിൽ അവരുടെ ഇപ്പോഴത്തെ പ്രായമെന്ത് ?

(A) 10, 14 (B) 15, 21
(C) 20, 28 (D) 30, 42

81. 2 ന്റെ രണ്ടു കൃതികളുടെ തുക 640, അവയുടെ വ്യത്യാസമെന്ത് ?

(A) 484 (B) 384
(C) 284 (D) 184

82. A ഒരു വസ്തു 20% ലാഭത്തിൽ B ക്കു വില്ക്കുന്നു, B അത് 10% ലാഭത്തിൽ C ക്കു വില്ക്കുന്നു, C അതിന് ₹ 561 നൽകിയെങ്കിൽ A എത്രരൂപയ്ക്ക് അതു വാങ്ങി ?

(A) ₹ 415 (B) ₹ 425
(C) ₹ 435 (D) ₹ 445

83. ഒരു ജോലി ചെയ്തു തീർക്കാൻ A യ്ക്ക് 10 ദിവസം വേണം. B തനിയെ ആ ജോലി 15 ദിവസം കൊണ്ട് ചെയ്തു തീർക്കും, A യും B യും ഒന്നിച്ച് 4 ദിവസം ജോലി ചെയ്തു. തുടർന്ന് A ജോലി മതിയാക്കി. മിച്ചമുള്ള ജോലി എത്ര ദിവസം കൊണ്ട് B തീർക്കും.

(A) 2 ദിവസം (B) 3 ദിവസം
(C) 4 ദിവസം (D) 5 ദിവസം

84. ഒരു സംഖ്യ 10% വർദ്ധിപ്പിച്ചു. വർദ്ധിപ്പിച്ച സംഖ്യ 10% കുറച്ചു. എങ്കിൽ മൊത്തത്തിൽ എത്ര ശതമാനം വർദ്ധനവോ കുറവോ ?

(A) 1% കുറവ് (B) 1% വർദ്ധനവ്
(C) 10% കുറവ് (D) 20% കുറവ്

85. താഴെ കൊടുത്തിരിക്കുന്ന സംഖ്യകളിൽ പൂർണ്ണവർഗമേത് ?

(A) 1725 (B) 1825
(C) 1925 (D) 2025

www.educationobserver.com

86. Arun and Binu run around a circular track at a speed of 5 metres/second and 7 metres/second respectively. They start from a point on the track and run in opposite directions. If the track is 1200 metres long, after what time will they meet ?

(A) 1 minute
(B) 1 minute 30 seconds
(C) 1 minute 40 seconds
(D) 2 minutes

86. അരുണും ബിനുവും വൃത്താകൃതിയിലുള്ള ഒരു ട്രാക്കിനു ചുറ്റും യഥാക്രമം 5 മീറ്റർ/സെക്കന്റ്, 7 മീറ്റർ/സെക്കന്റ് എന്ന വേഗതയിൽ ഓടുന്നു. ട്രാക്കിലെ ഒരേ സ്ഥലത്തു തുടങ്ങി എതിർദിശകളിലാണ് അവർ ഓടുന്നത്. ട്രാക്കിന്റെ നീളം 1200 മീറ്റർ ആണെങ്കിൽ എത്ര സമയത്തിനു ശേഷം അവർ നേർക്കുനേർവരും ?

(A) 1 മിനിറ്റ്
(B) 1 മിനിറ്റ് 30 സെക്കന്റ്
(C) 1 മിനിറ്റ് 40 സെക്കന്റ്
(D) 2 മിനിറ്റ്

87. Which of the following numbers lies between $-\frac{1}{2}$ and $-\frac{1}{3}$?

(A) $-\frac{1}{6}$ (B) $-\frac{5}{6}$
(C) $\frac{-5}{12}$ (D) $\frac{-7}{12}$

87. താഴെ കൊടുത്തിരിക്കുന്നവയിൽ $-\frac{1}{2}$ നും $-\frac{1}{3}$ നും ഇടയിലുള്ള സംഖ്യയേത് ?

(A) $-\frac{1}{6}$ (B) $-\frac{5}{6}$
(C) $\frac{-5}{12}$ (D) $\frac{-7}{12}$

88. An empty tank is being filled with water at a constant rate. It takes 4 hours to fill $\frac{3}{5}$ of its capacity. How long will it take to fill the remaining part ?

(A) 1 hour 30 minutes
(B) 1 hour 40 minutes
(C) 2 hours 40 minutes
(D) 3 hours

88. ഒരു ഒഴിഞ്ഞ ടാങ്കിൽ ഒരേ നിരക്കിൽ വെള്ളം നിറയ്ക്കുന്നു. അതിന്റെ ഉള്ളളവിന്റെ $\frac{3}{5}$ ഭാഗം നിറയ്ക്കാൻ 4 മണിക്കൂർ എടുക്കുന്നു. മിച്ചമുള്ള ഭാഗം നിറയ്ക്കാൻ എത്ര സമയമെടുക്കും ?

(A) 1 മണിക്കൂർ 30 മിനിറ്റ്
(B) 1 മണിക്കൂർ 40 മിനിറ്റ്
(C) 2 മണിക്കൂർ 40 മിനിറ്റ്
(D) 3 മണിക്കൂർ

89. If x is $1\frac{1}{2}$ times y, how many times $x - y$ is $x + y$?

(A) 3 (B) 4
(C) 5 (D) 6

89. y യുടെ $1\frac{1}{2}$ മടങ്ങാണ് x എങ്കിൽ $x - y$ യുടെ എത്രമടങ്ങാണ് $x + y$?

(A) 3 (B) 4
(C) 5 (D) 6

90. What is the last digit of the sum

$$1 + 6 + 6^2 + \ldots\ldots + 6^{100} ?$$

(A) 7 (B) 6
(C) 3 (D) 1

90. താഴെ കൊടുത്തിരിക്കുന്ന തുകയിലെ അവസാന അക്കമേത് ?

$$1 + 6 + 6^2 + \ldots\ldots + 6^{100} ?$$

(A) 7 (B) 6
(C) 3 (D) 1

– o O o –

www.educationobserver.com

Answer Key

SAT · Class VIII · Booklet D

1	2	3	4	5	6	7	8	9	10	11	12	13	14	15
A	C	D	C	B	C	D	C	B	A	A	D	D	B	B
16	**17**	**18**	**19**	**20**	**21**	**22**	**23**	**24**	**25**	**26**	**27**	**28**	**29**	**30**
B	C	A	C	B	A	A	B	C	D	A	A	D	B	D
31	**32**	**33**	**34**	**35**	**36**	**37**	**38**	**39**	**40**	**41**	**42**	**43**	**44**	**45**
C	B	C	A	C	B	D	D	C	D	C	C	D	D	C
46	**47**	**48**	**49**	**50**	**51**	**52**	**53**	**54**	**55**	**56**	**57**	**58**	**59**	**60**
C	D	C	D	D	C	C	A	C	B	B	A	A*	B	C
61	**62**	**63**	**64**	**65**	**66**	**67**	**68**	**69**	**70**	**71**	**72**	**73**	**74**	**75**
A	C	C	A	D	A	B	C	B	D	A	D	A	A	C
76	**77**	**78**	**79**	**80**	**81**	**82**	**83**	**84**	**85**	**86**	**87**	**88**	**89**	**90**
C	D	A	A	C	B	B	D	A	D	C	C	C	C	D

* Q. 58: Statement II explains Statement I, so the intended answer is (A). As printed, option (A) has the explanation the wrong way round ("Statement I is the correct explanation of Statement II"), which makes (B) literally true. Check the official key.

This key was worked out from the questions; it is not the official SCERT key.

www.educationobserver.com

For complete preparation materials visit www.educationobserver.com